03
സെപ്തംബർ
2023

# SUNDAY LIGHT
# സൺഡേ ലൈറ്റ്

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ

## ആണ്ടുവട്ടം ഇരുപത്തിരണ്ടാം ഞായർ



**പത്രോസ്** പച്ചയായ മനുഷ്യനാണ്. ചിന്തകളും അവന്റെ കണക്ക്തന്നെ... പച്ചയായ ചിന്തകൾ... നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ് എന്ന് തമ്പുരാന്റെ പറച്ചിലുകൾ പത്രോസിനുള്ള കുറ്റപ്പെടുത്തൽ അല്ല.... എതിരെ നിൽക്കുന്ന 11 പേർക്കുള്ള തിരുത്തലാണ്... കാഴ്ചപ്പാടുകൾ ലോകത്തിൽ മാത്രം ഒതുക്കാതെ ആത്മാവിന്റെ കാഴ്ചകളിലേക്ക് ഉൾക്കണ്ണ് തെളിയിച്ചെടുക്കണമെന്ന സൂചനയാണ്. ഇന്നും മനുഷ്യൻ അങ്ങനെയൊക്കെ തന്നെ അത്ര പറയത്തക്ക വ്യത്യാസങ്ങൾ ഒന്നും ആയിട്ടില്ല എന്ന് തോന്നുന്നു. മരണവീടുകൾ അതിന് തെളിവാണ്. ആത്മാവ് തമ്പുരാനിൽ ലയിച്ച് സമാധാനത്തിൽ ആയിരിക്കുന്നുവെന്ന് വെട്ടമുള്ള ആർക്കാണ് ഒരുവന്റെ മൃതിയോർമ്മങ്ങളിൽ ദുഃഖമുണ്ടാവുക.

## ആമുഖം

സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുവിനെ അനുഗമിക്കാൻ നിന്റെ ജീവിതത്തിലെ സഹനങ്ങളെ നീ ഏറ്റെടുക്കണം. സഹനങ്ങളില്ലാത്ത ഒരു ക്രിസ്തീയ ജീവിതം നമുക്ക് അസാധ്യമാണ്. ഗുരു കുരിശു ചുമക്കുമ്പോൾ അതിന്റെ കൂടെ തന്റെ ജീവിതത്തിലെ വേദനകളും നൊമ്പരങ്ങളും വഹിക്കാൻ ഈശോ എല്ലാവരെയും ക്ഷണിക്കുന്നുണ്ട്. കുരിശില്ലാതെ രക്ഷയില്ല എന്ന ആ മന്ത്രണം ഇനിയും നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. സഹനത്തിലും ദൈവത്തിന്റെ മുഖം ദർശിച്ച് നമുക്ക് മുന്നോട്ടു പോകാം.

## ഒന്നാം വായന

**ജറെമിയാസ് പ്രവാചകന്റെ പുസ്തകത്തിൽ നിന്ന്** (20:7-9)

*(കർത്താവിന്റെ വചനം എനിക്കു സദാപരിഹാസത്തിനു ഹേതുവായിരിക്കുന്നു.)*

കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി. അങ്ങ് എന്നേക്കാൾ ശക്തനാണ്. അങ്ങ് വിജയിച്ചിരിക്കുന്നു. ദിവസം മുഴുവൻ ഞാൻ പരിഹാസ പാത്രമായി. എല്ലാവരും എന്നെ അപഹസിക്കുന്നു. വായ് തുറക്കുമ്പോഴൊക്കെ അക്രമം, നാശം എന്നാണു ഞാൻ വിളിച്ചുപറയുന്നത്. കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു; എനിക്കു സാധിക്കുന്നില്ല.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(സങ്കീ 63:63:1-4,6,7-8)

**ദൈവമേ, എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.**

ദൈവമേ, അവിടുന്നാണ് എന്റെ ദൈവം; ഞാനങ്ങയെ തേടുന്നു. എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു. ഉണങ്ങിവരണ്ട ഭൂമിയെന്ന പോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു.

**ദൈവമേ, എന്റെ......**

അങ്ങേ ശക്തിയും മഹത്വവും ദർശിക്കാൻ ഞാൻ വിശുദ്ധ മന്ദിരത്തിൽ വന്നു. അങ്ങേ കാരുണ്യം ജീവനെക്കാൾ കാമ്യമാണ്; എന്റെ അധരങ്ങൾ അങ്ങയെ സ്തുതിക്കും.

**ദൈവമേ, എന്റെ......**

എന്റെ ജീവിതകാലം മുഴുവൻ ഞാൻ അങ്ങയെ പുകഴ്ത്തും. ഞാൻ കൈകളുയർത്തി അങ്ങേ നാമം വിളിച്ചപേക്ഷിക്കും. ഞാൻ മജ്ജയും മേദസും കൊണ്ടെന്ന പോലെ സംതൃപ്തിയടയുന്നു. എന്റെ അധരങ്ങൾ അങ്ങേക്ക് ആനന്ദഗാനം ആലപിക്കും.

**ദൈവമേ, എന്റെ......**

അവിടുന്ന് എന്റെ സഹായമാണ്; അങ്ങേ ചിറകിൻ കീഴിൽ ഞാൻ ആനന്ദിക്കും. എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു; അങ്ങേവലത്തുകൈ എന്നെ താങ്ങിനിർത്തുന്നു.

**ദൈവമേ, എന്റെ......**

## രണ്ടാം വായന

**വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന്** (12:1-2)

*(നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ.)*

സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങ

ളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും.

കർത്താവിന്റെ വചനം

## അല്ലേലൂയാ

അല്ലേലൂയാ!
നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം ഏതുതരത്തിലുള്ള പ്രത്യാശയിലേക്കാണ് അവിടുന്ന് നമ്മെ വിളിച്ചിരിക്കുന്നതെന്നറിയാൻ നമ്മുടെ ആന്തരിക നേത്രങ്ങളെ പ്രകാശിപ്പിക്കട്ടെ. അല്ലേലൂയാ!

## സുവിശേഷം

**മത്തായിയുടെ വി. സുവിശേഷത്തിൽ നിന്നുള്ള വായന** (16:21-27)

*(ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.)*



ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?

അക്കാലത്ത്, യേശു, തനിക്കു ജറുസലെമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠന്മാരിൽ നിന്നും പ്രധാനപുരോഹിതന്മാരിൽ നിന്നും നിയമജ്ഞരിൽ നിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും ശിഷ്യന്മാരെ അറിയിച്ചുതുടങ്ങി. പത്രോസ് അവനെ മാറ്റിനിറുത്തി തടസ്സം പറയാൻ തുടങ്ങി: ദൈവം കനിയട്ടെ! കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ. യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽ നിന്നുപോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്.

യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും. ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും? മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ചു പ്രതിഫലം നൽകും.

കർത്താവിന്റെ സുവിശേഷം

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമികൻ:** പ്രിയ സഹോദരരേ, വേദനകളിൽ ആശ്രയമാകുന്ന ദൈവത്തിന്റെ മുമ്പിൽ നമ്മുടെ പ്രാർത്ഥനകൾ സദയം സമർപ്പിക്കാം.

1. പിതാവായ ദൈവമേ, സർവ്വത്രിക സഭയുടെ തലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പയ്ക്ക് വേണ്ടിയും, ഞങ്ങളുടെ (അതി) രൂപതയെ നയിക്കുന്ന ............................. പിതാവിനു വേണ്ടിയും, എല്ലാ മെത്രാന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. അങ്ങ് ഏൽപ്പിച്ചിരിക്കുന്നു അജപാലന ദൗത്യം നിർവഹിക്കാൻ വേണ്ട ആയുരാരോഗ്യം നൽകി അനുഗ്രഹിക്കേണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. നല്ലിടയനായ ദൈവമേ, ഞങ്ങളുടെ ഇടവക വികാരിയായ ഫാ........................... നെയും സഹവികാരി.................................നെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അവരുടെ അജപാലന സേവനത്തിൽ, അവരെ വലയം ചെയ്യുന്ന എല്ലാ അപകടങ്ങളിൽ നിന്നും, പ്രലോഭനങ്ങളിൽ നിന്നും അവർക്ക് സംരക്ഷണം നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹനിധിയായ ദൈവമേ, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെ തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ, ലൗകിക സന്തോഷങ്ങൾ വെടിഞ്ഞു ജീവിക്കാനുമുള്ള കൃപയും ഈ ലോകത്തെ ക്ലേശങ്ങളും വേദനകളും സ്വർഗത്തെ ലക്ഷ്യമാക്കി സഹിക്കുവാനുള്ള ശക്തിയും ഞങ്ങൾക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.

4. ദൈവപിതാവേ, എല്ലാ കുടുംബങ്ങളെയും തൃക്കൺപാർക്കണമെ. ദൈവം തന്നെ സ്നേഹിച്ചിരിക്കുന്നവർക്കായി സജ്ജമാക്കിയിരിക്കുന്ന കൃപയുടെ ശ്രോതസ്സിലേക്ക് ഓരോ കുടുംബവും നയിക്കപ്പെടുവാനും അതുവഴി ഈശോയുടെ മൗതീകശരീരമായ തിരുസഭ വളരുവാനും അനേക വിശുദ്ധരെ വളർത്തുവാനും ഇടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ഓ ദൈവമേ, വൃദ്ധരും രോഗികളും നിസ്സഹായരുമായി കഴിയുന്നവർക്ക് അങ്ങയുടെ ആശ്വാസവും സന്തോഷവും നൽകണമെന്നും വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കാൻവേണ്ട സന്മനസ്സ് നൽകി മക്കളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** സ്നേഹപിതാവേ, ജീവിതത്തിൽ ഉണ്ടാകുന്ന വേദനകളും സഹനങ്ങളും സന്തോഷത്തോടെ ഏറ്റെടുത്തുകൊണ്ട് നിന്റെ കൂടെ കാൽവരി കേറുവാനും ഒരു ബലിയായി തീരുവാനും അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവായ.......





KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6282610318

*സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വിഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.*